JOSE PORUNNEDOM
BISHOP OF MANANTHAVADY

Prot. No. 25012/2021
Circular No. 13/2021

## എല്ലാ ഇടവകകളുടെയും തത്തുല്യമായ സ്വതന്ത്ര കുരിശുപള്ളികളുടെയും, രൂപതാ ഡിപ്പാർട്ട്മെന്റുകളുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ഉത്തരവാദിത്വമുള്ള ബഹുമാനപ്പെട്ട വൈദികരുടെ അടിയന്തിര ശ്രദ്ധയ്ക്ക്

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,

ബിഷപ്പ്സ് ഹൗസിൽ നിന്ന് ആശംസകൾ! നിങ്ങളെ എല്ലാവരെയും പ്രാർത്ഥനയിൽ ഓർക്കുകയും ഇടവക പ്രവർത്തനങ്ങളിൽ വിജയവും ദൈവാനുഗ്രഹവും നേരുകയും ചെയ്യുന്നു. പുതിയതായി സ്ഥലം മാറി വന്നവരെ പ്രത്യേകം ഓർക്കുകയും നന്ദി പറയുകയും ചെയ്യുന്നു. കോവിഡ് 19 ന്റെ ദുരിതങ്ങൾക്കിടയിൽ മാറ്റം എളുപ്പമായിരുന്നില്ല എന്ന് മനസ്സിലാക്കുന്നു. എങ്കിലും അതെല്ലാം നിങ്ങൾ സന്മനസ്സോടെ സ്വീകരിച്ചതിൽ സന്തോഷമുണ്ട്.

**ആദായ നികുതി ഇളവിനുള്ള സർട്ടിഫിക്കറ്റുകൾ പുതുക്കണം**

ഇടവകകൾക്കും മറ്റുമുള്ള ആദായനികുതി ഇളവുകളെ സംബന്ധിച്ച് ഭാരത സർക്കാർ കഴിഞ്ഞ വർഷം പ്രാബല്യത്തിൽ കൊണ്ടുവന്ന പുതിയ ഭേദഗതികളെയും മാറ്റങ്ങളെയും പറ്റി ചില കാര്യങ്ങൾ സൂചിപ്പിക്കാനാണ് ഈ സർക്കുലർ. ഇതിൽ പരാമർശിക്കുന്ന കാര്യങ്ങൾ വളരെ ഗൗരവത്തോടെ ബന്ധപ്പെട്ട എല്ലാ വൈദികരും പരിഗണിക്കുകയും കണക്കുകൾ എഴുതുന്നവരെ വിവരം യഥാവിധി ധരിപ്പിക്കുകയും ആദായനികുതി ഇളവുകൾ തുടർന്നും ലഭിക്കാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. അല്ലാത്ത പക്ഷം നമുക്ക് അപരിഹാര്യമായ നഷ്ടങ്ങൾ ഉണ്ടാകാവുന്നതാണ്. അത് പിന്നീട് തിരുത്തുക എളുപ്പമായിരിക്കുകയില്ല. അതായത് വ്യക്തികളെന്നപോലെ ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും മറ്റും 30 മുതൽ 35 ശതമാനംവരെ വാർഷിക ആദായ നികുതി കൊടുക്കേണ്ടി വന്നേക്കാം.

**ആദായ നികുതി നിയമത്തിൽ വന്ന മാറ്റങ്ങൾ**

ലാഭേച്ഛ കൂടാതെ ജനോപകാര പ്രവർത്തനങ്ങളും മതപരമയ പ്രവർത്തനങ്ങളും മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയുമാണല്ലോ നമ്മുടെ ഇടവകകളും മറ്റ് സ്ഥാപനങ്ങളും സംഘടനകളും എല്ലാം. അത്തരം സ്ഥാപനങ്ങൾക്ക് കേന്ദ്ര ആദായനികുതി വകുപ്പ് ആദായനികുതിയിൽ ഇളവ് കൊടുക്കാറുണ്ട്. രണ്ട് വർഷം മുമ്പു വരെ പ്രാബല്യത്തിലിരുന്ന നിയമത്തിന്റെ **12 എ**, അല്ലെങ്കിൽ **12 എ.എ.** വകുപ്പ് പ്രകാരമാണ് ഈ ഇളവുകൾ തന്നിരുന്നത്. അതിനാൽ **12 എ സർട്ടിഫിക്കറ്റ്** എന്നാണ് ആദായ നികുതി വകുപ്പ്

തന്നിരുന്ന സർട്ടിഫിക്കറ്റിനെ വിളിച്ചിരുന്നത്. എന്നാൽ ഇപ്പോൾ പ്രാബല്യത്തിലായിരിക്കുന്ന നിയമത്തിന്റെ **12 എ ബി** വകുപ്പിലാണ് ഇളവുകളെപ്പറ്റി പറയുന്നത് എന്നതിനാൽ 12 എ ബി സർട്ടിഫിക്കറ്റ് എന്നു പറയും.

നമ്മുടെ ഒട്ടുമിക്ക ഇടവകകളും എല്ലാ സ്ഥാപനങ്ങളും ഈ നിയമത്തിന്റെ കീഴിൽ ആദായനികുതി ഇളവ് കിട്ടിയിട്ടുള്ളവയാണ്. എന്നാൽ ചുരുക്കം ചില ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും അത്തരം ഇളവുകൾ ഉള്ളവയല്ല. അവർ എല്ലാവരും തന്നെ ഇളവിനായി അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഇതു വരെ ലഭ്യമായിട്ടില്ല. എന്നു കിട്ടും, കിട്ടുമോ തുടങ്ങിയ കാര്യങ്ങളെപ്പറ്റിയൊന്നും ഇപ്പോൾ പറയാൻ കഴിയില്ല. ഇളവ് അനുവദിച്ച് സർട്ടിഫിക്കറ്റ് തരുന്നതുവരെ തത്വത്തിൽ അവർ ആദായ നികുതി കൊടുക്കാൻ ബാധ്യസ്ഥരാണ്. എങ്കിലും അപേക്ഷ കൊടുത്തിരിക്കുന്നതുകൊണ്ട് നമുക്ക് ന്യായീകരണത്തിന് വകയുണ്ട്. അത് സർക്കാർ സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാം.

## പുതിയ വ്യവസ്ഥകൾ

**അഞ്ചു വർഷം കൂടുമ്പോൾ പുതുക്കണം:** മുൻനിയമത്തിന്റെ 12 എ വകുപ്പനുസരിച്ച് ഒരിക്കൽ ഇളവ് ലഭിച്ചാൽ അതു പുതുക്കേണ്ടതില്ലായിരുന്നു. എന്നാൽ മാറിയ നിയമമനുസരിച്ച് ഒരു പ്രാവശ്യം കിട്ടുന്ന ഇളവിന് അഞ്ച് വർഷത്തേക്ക് മാത്രമേ സാധുതയുള്ളു. അതു കഴിഞ്ഞാൽ വീണ്ടും അപേക്ഷ കൊടുത്ത് പുതുക്കണം. നിലവിൽ ആദായനികുതി ഇളവുള്ളവർ 2020 ജൂൺ 30 നകം പുതുക്കാനുള്ള അപേക്ഷ ബന്ധപ്പെട്ട മന്ത്രാലയത്തിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ അത് 2021 ജൂൺ 30 വരെ നീട്ടിയിട്ടുണ്ട്.

**അപേക്ഷകൾ അയയ്ക്കേണ്ട രീതി:** ഓൺലൈനായിട്ടാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. എന്നാൽ അപേക്ഷ സമർപ്പിക്കാനുള്ള വെബ് പോർട്ടൽ ഇതുവരെ അപേക്ഷകർക്ക് തുറന്ന് കിട്ടിയിട്ടില്ല. അതുകൊണ്ട് തുറക്കുന്നതുവരെ കാത്തിരിക്കുകയേ നിവൃത്തിയുള്ളു. പുതുക്കാനുള്ള അപേക്ഷ കൊടുക്കേണ്ട തിയതി ഇനിയും നീട്ടിയില്ലെങ്കിൽ പോർട്ടൽ തുറക്കുമ്പോൾ തന്നെ ലക്ഷക്കണക്കിന് സ്ഥാപനങ്ങൾ അപേക്ഷ കൊടുക്കാൻ പോർട്ടലിൽ പ്രവേശിക്കാൻ ശ്രമിക്കുമല്ലോ. അപ്പോൾ പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. എങ്കിലും നമ്മൾ ശ്രമിച്ചുകൊണ്ട് തന്നെ ഇരിക്കണം. ഒരു പക്ഷെ ജൂൺ 30 ന് മൂന്നോ നാലോ ദിവസങ്ങൾക്ക് മുമ്പു മാത്രമായിരിക്കും പോർട്ടൽ തുറക്കുന്നത്. തിയതി നീട്ടാത്തിടത്തോളം കാലം ജൂൺ 30 നുള്ളിൽ അപേക്ഷ കൊടുക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. അല്ലെങ്കിൽ നമ്മുടെ ആദായനികുതി ഇളവുകൾ റദ്ദ് ചെയ്തെന്ന് വരാം. അതുകൊണ്ട് നമ്മൾ വളരെ അടിയന്തിരമായി ആദായനികുതി ഇളവുകൾ പുതുക്കി കിട്ടാനുള്ള നടപടികൾ പൂർത്തിയാക്കണം.

## ഓഡിറ്റർമാർ

കേരളത്തിലുള്ള നമ്മുടെ മിക്ക ഇടവകകളുടെയും സ്ഥാപനങ്ങളുടേയും കണക്കുകൾ ഓഡിറ്റ് ചെയ്യുന്നത് ഒരേ കമ്പനി തന്നെയാണ്. എന്നാൽ തമിഴ് നാട്ടിലെ

ഇടവകകളുടെയും സ്ഥാപനങ്ങളുടെയും ഓഡിറ്റർ വേറെയാണ്. അവരാണ് ആ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും സർട്ടിഫിക്കറ്റ് പുതുക്കാനുള്ള ഉപദേശം തരേണ്ടത്. അതിനാൽ മേല്പ്പറഞ്ഞ ഇടവകകളും സ്ഥാപനങ്ങളും അദ്ദേഹവുമായി ആലോചിച്ച് പുതുക്കാനുള്ള അപേക്ഷകൾ കൊടുക്കാനുള്ള നടപടി ക്രമങ്ങൾ അവരവർ തന്നെ പൂർത്തിയാക്കേണ്ടതാണ്. കേരളത്തിലും ചില ഇടവകകളും സ്ഥാപനങ്ങളും അങ്ങനെ തന്നെ ചെയ്യുന്നുണ്ട്. അവരും ഇതേ പോലെ തന്നെ സ്വയം ചെയ്യേണ്ടതാണ്.

**ഇടവകകളുടെ അപേക്ഷകൾ പുതുക്കാൻ**

പുതുക്കാനുള്ള അപേക്ഷകൾ ഇടവകകളുടേത് രൂപതാ കേന്ദ്രത്തിൽ നിന്ന് തന്നെ അയക്കുന്നതാണ്. സ്ഥാപനങ്ങളുടേതും സംഘടനകളുടെതും ഡിപ്പാർട്ട്മെന്റുകളുടേതും അവയുടെ ഉത്തരവാദിത്വമുള്ളവർ തന്നെ ചെയ്യണം. ഇടവകകളുടേത് പുതുക്കാൻ അപേക്ഷകളോടൊപ്പം അയയ്ക്കേണ്ട അനുബന്ധ രേഖകളിൽ കുറെയെണ്ണം കഴിഞ്ഞ വർഷം തന്നെ ഇവിടെ കിട്ടിയിരുന്നു. എന്നാൽ ഇനിയും ചിലത് കൂടി കിട്ടാനുണ്ട്. അവ കൂടി കിട്ടിയാലേ അപേക്ഷ അയക്കാൻ കഴിയുകയുള്ളു. അതിനാൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ എല്ലാവരും ഇക്കാര്യത്തിൽ അടിയന്തിരമായി ആവശ്യമുള്ളത് ചെയ്യണം എന്നഭ്യർത്ഥിക്കുന്നു.

**ആവശ്യമായ രേഖകൾ**

2020–2021 **വർഷത്തെ വരവ് ചെലവ് കണക്കുകൾ (നാൾവഴിയുടെ പകർപ്പ്):** അപേക്ഷയോടൊപ്പം അവസാനത്തെ മൂന്ന് വർഷങ്ങളിലെ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ കണക്കുകളാണ് സമർപ്പിക്കേണ്ടത്. കഴിഞ്ഞ വർഷം തന്നെ അയയ്ക്കാൻ കഴിയും എന്ന ധാരണയിൽ അതിനു മുമ്പത്തെ മൂന്ന് വർഷങ്ങളിലേത് ഇവിടെ വാങ്ങി വച്ചിട്ടുണ്ടായിരുന്നു. കോവിഡു മൂലം കഴിഞ്ഞ വർഷം അപേക്ഷകൾ കൊടുക്കാൻ പറ്റാതിരുന്നതിനാൽ ഈ വർഷം കൊടുക്കുമ്പോൾ 2020–2021 വർഷത്തെ കണക്കു കൂടി ഉൾപ്പെടുത്തിയാണ് കൊടുക്കേണ്ടത്. കാരണം ഈ വർഷമാണ് അപേക്ഷ സമർപ്പിക്കുന്നത്. അതിനാൽ 2020–2021 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകൾ കമ്പ്യൂട്ടറിൽ നിന്ന് പ്രിന്റെടുത്ത് ഒരു പകർപ്പ് ബഹുമാനപ്പെട്ട വികാരിയുടെ ഒപ്പും ഇടവകയുടെ സീലും വച്ച് ഉടൻ തന്നെ രൂപതാ കേന്ദ്രത്തിൽ എത്തിക്കണം. **എല്ലാ പേജിന്റെയും** അടിവശത്തായി ഒപ്പും സീലും ഉണ്ടായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**2019–2020 ലെ ഓഡിറ്റ് റിപ്പോർട്ട്:** മുമ്പ് സൂചിപ്പിച്ചതുപോലെ എല്ലാ പേജിലും ഒപ്പും സീലും വച്ച് വേണം എത്തിക്കാൻ.

**കൈക്കാരന്മാരുടെ ലിസ്റ്റ്:** രൂപതാ കേന്ദ്രത്തിൽ അപേക്ഷ പുതുക്കാൻ രേഖകൾ തന്ന സമയത്ത് കൊടുത്തേല്പിച്ച ലിസ്റ്റിലെ പേരുകൾ തന്നെ ആയിരിക്കണം. അവരുടെ മൊബൈൽ നമ്പർ, ഈമെയിൽ എന്നിവ ഒരു പേപ്പറിൽ പ്രത്യേകം എഴുതി നല്കേണ്ടതാണ്.

**ഇടവകയുടെ സീൽ:** ഇവയെല്ലാം ബിഷപ്പ്സ് ഹൗസിൽ കൊണ്ടു വരുമ്പോൾ ഇടവകയുടെ സീൽ നിർബന്ധമായും കൊണ്ടുവന്നിരിക്കണം. ഏതെങ്കിലും രേഖയിൽ സീൽ വയ്ക്കേണ്ടി വന്നാൽ സമയനഷ്ടം കൂടാതെ അക്കാര്യം ചെയ്യാൻ വേണ്ടിയാണിത്.

**മുൻവികാരിമാർ സഹകരിക്കണം**

വാർഷികക്കണക്കുകളിൽ ഒപ്പിടേണ്ടത് ഇടവകവികാരിയാണ് എന്നറിയാമല്ലൊ. എന്നാൽ ഈ വർഷം കുറേപ്പേർ സ്ഥലം മാറി പോയി എന്നതിനാൽ ഇവിടെയും ഒരു പ്രതിസന്ധിയുണ്ട്. കഴിഞ്ഞ വർഷം ഒപ്പിട്ടയാൾ തന്നെ ഈ വർഷവും ഒപ്പിടണം. അതിനാൽ സ്ഥലം മാറിയ ബഹുമാനപ്പെട്ട വികാരിമാർ കഴിഞ്ഞ വർഷം ആയിരുന്ന ഇടവകയിലെ 2020−2021 ലെ വാർഷികക്കണക്കുകളിലും ഓഡിറ്റ് റിപ്പോർട്ടിലും ഒപ്പിടണം. അതിന് പുതിയ വികാരിമാർ ആവശ്യപ്പെടുമ്പോൾ തടസ്സങ്ങൾ ഒന്നും ഉണ്ടാക്കരുത് എന്നഭ്യർത്ഥിക്കുന്നു. സ്ഥാപനങ്ങളുടെ ഡയറക്ടർമാരും ഇതുപോലെ തന്നെ ചെയ്യണം.

മാത്രമല്ല അപേക്ഷ സംബന്ധമായി ആദായ നികുതി ഉദ്യോഗസ്ഥരോ ഓഡിറ്റർമാരോ മൊബൈലിൽ ബന്ധപ്പെടുന്നതും മുൻവികാരിയെ തന്നെയായിരിക്കും. കാരണം ആ നമ്പറുകളാണല്ലൊ മുൻവർഷങ്ങളിലെ വാർഷിക കണക്കുകളിലും ഓഡിറ്റ് റിപ്പോർട്ടിലും കൊടുത്തിരിക്കുന്നത്. വിളിക്കുമ്പോൾ *"എനിക്കറിഞ്ഞുകൂടാ"* അല്ലെങ്കിൽ *"ഇപ്പോൾ ഞാനല്ല വികാരി"* എന്ന് പറഞ്ഞ് ഒഴിഞ്ഞു മാറാതെ കാര്യങ്ങൾ ചോദിച്ചറിഞ്ഞ ശേഷം ഇപ്പോഴത്തെ വികാരിയെ ഉടനടി വിവരം അറിയിക്കണം. എന്തെങ്കിലും തുടർനടപടി ആവശ്യപ്പെട്ടാണ് വിളിക്കുന്നതെങ്കിൽ അതും ചെയ്ത് കൊടുക്കണം അല്ലെങ്കിൽ അതിന് സഹായിക്കണം.

ഈമെയിലുകളും മുൻവികാരിയുടെ id യിൽ തന്നെ ആയിരിക്കും ലഭിക്കുന്നത്. എല്ലാ ദിവസവും ഈമെയിൽ നോക്കുന്നതോടൊപ്പം കിട്ടിയാൽ ഉടൻ തന്നെ ഇപ്പോഴത്തെ വികാരിക്ക് അയച്ചു കൊടുക്കുകയും വേണം.

**ചോദ്യങ്ങൾ, സംശയങ്ങൾ**

എന്തെങ്കിലും ചോദ്യങ്ങളോ സംശയങ്ങളോ മേല്പ്പറഞ്ഞ കാര്യങ്ങളിൽ ഉണ്ടെങ്കിൽ രൂപതാ പ്രൊക്യുറേറ്ററെയൊ രൂപതാകേന്ദ്രത്തിലുള്ള ഓഡിറ്ററെയൊ ബന്ധപ്പെടാൻ മടിക്കേണ്ടതില്ല. അതിന് 8075997576 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

സഹകരണത്തിനും സഹായത്തിനും എല്ലാവർക്കും മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2021 ജൂൺ മാസം 17 ന് നല്കപ്പെട്ടത്.

യേശുവിൽ,

J. Porunnedom

ബിഷപ്പ് ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ